Reg No:..................

Name :....................

# First Semester FYUGP Malayalam Examination November 2024 (2024 Admission onwards)
# KU1DSCMAL102 (PRAYOGIKA MALAYALAM)
(EXAM DATE : 06-12-2024)

Time : 90 min

Maximum Marks : 50

## Part A (Answer any 6 questions. Each carries 2 marks)

1. അക്ഷരം എന്ന വാക്കിന്റെ അർത്ഥം എന്ത്? 2

2. അധ്യാപകൻ വൈകി വന്നതിന് കുട്ടിയെ ശാസിച്ച വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

3. തന്നതില്ല പരനുള്ളു കാട്ടുവാ -
   നൊന്നുമേ നരനുപായ മീശ്വരൻ
   ഇന്നു ഭാഷയതപൂർണ്ണമങ്ങഹോ
   വന്നുപോം പിഴയുമർത്ഥശങ്കയാൽ
   കവി അപൂർണമെന്ന് വിശേഷിപ്പിക്കുന്നതെന്തിനെയാണ്? 2

4. ആശയം ചോർന്ന് പോകാതെ പരാവർത്തനം ചെയ്യുക
   അമ്പുകൾ കൊണ്ട വ്രണം കാലത്താൽ നികന്നീടും.
   കൊമ്പുകൾ ഖണ്ഡിച്ചാലും പാദപം കായ്ച്ചീടും .
   കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ച -
   കർണ്ണങ്ങൾക്കകം പുക്ക പുണ്ണായാലതു പിന്നെ -
   പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാലും.
   (വ്രണം മുറിവ്, പാദപം - വൃക്ഷം, കർണം ചെവി, പുക്ക - പ്രവേശിച്ച, ശമിക്കുക - സുഖപ്പെടുക) 2

5. ഒന്നുമൊന്നും ഇമ്മിണി ബല്യ ഒന്ന് - പ്രയോഗഭംഗി വ്യക്തമാക്കുക. 2

6. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം - വരികൾ വ്യാഖ്യാനിക്കുക 2

7. ഏതെങ്കിലും മൂന്നു വിഭാഗം കത്തുകളുടെ പേരെഴുതുക. 2

8. ഉപന്യാസത്തിൽ ആമുഖം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം? 2

## Part B (Answer any 4 questions. Each carries 6 marks)

9. അക്ഷരപ്രാസം ദീക്ഷിച്ച് നാലുവരിയിലുള്ള പിക് അപ് ലൈൻ കവിത തയ്യാറാക്കുക.
   മാതൃക: കൊച്ചമ്മിണീ നിന്റെ പൊട്ട്
   കണ്ടാലെനിക്കുള്ളിൽ വട്ട്.. 6

10. താഴെക്കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഒരു ഖണ്ഡിക തയ്യാക്കുക.
    ഭാഷ - സംസ്കാരം -മാധ്യമങ്ങൾ - ഇൻഫർമേഷൻ ടെക്നോളജി - വിദ്യാഭ്യാസം -തൊഴിൽ 6



11. പരാവർത്തനം ചെയ്യുക
    "തൊടികളിലെങ്ങും തുമ്പ -
    ച്ചെടികൾ പൂവിട്ടു നില്പൂ
    പടിതോറും പൊന്നോണത്തെ -
    യെതിരേല്പുവാൻ
    എന്തു വെള്ള, പ്പെന്തു വെടി -
    പ്പെന്തൊരുക്ക,മെന്തു മുത്തിൻ
    പന്ത, മോണത്തപ്പ നിപ്പൂ -
    വെന്തിലുമിഷ്ടം
    നമ്മുടെയുടലുമുള്ളും
    നിർമലമാകിലേ പറ്റൂ
    ഇമ്മലർ പോൽ ചിരി,ച്ചാർക്കു
    മിഷ്ടമേകുവാൻ " 6

12. മലയാളത്തിലെ ഒരു ജനപ്രിയ ചലച്ചിത്രഗാനശകലം താഴെക്കൊടുക്കുന്നു. ഈ വരികളെ വിശകലനം ചെയ്ത് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.
    "വാക്കിംഗ് ഇൻ ദ മൂൺലൈറ്റ്
    അയാം തിങ്കിംഗ് ഓഫ് യൂ
    ലിസ്‌ണിംഗ് ടു ദ റെയ്ൻ ഡ്രോപ്പ്
    അയാം തിങ്കിംഗ് ഓഫ് യൂ
    ഇളമാൻ കണ്ണിലൂടെ
    അയാം തിങ്കിംഗ് ഓഫ് യൂ
    ഇളനീർ കനവിലൂടെ
    അയാം തിങ്കിംഗ് ഓഫ് യൂ " 6

13. നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും രാജിവെക്കുന്നതായറിയിച്ചുകൊണ്ട് അതിന്റെ മേധാവിക്ക് സമർപ്പിക്കുന്ന കത്തിന്റെ മാതൃക തയ്യാറാക്കുക 6

14. നൽകിയിരിക്കുന്ന പോസ്റ്റർ പരസ്യത്തെ ഒരു പത്രക്കുറിപ്പായി മാറ്റിയെഴുതുക.
    സഹൃദയവായനശാല & ഗ്രന്ഥാലയം
    മഹാത്മാഗാന്ധി
    156ാം ജന്മ വാർഷികം
    നാളെയുടെ തലമുറയെ ഗാന്ധിജിയുടെ വഴിയിലേക്ക് ക്ഷണിക്കുന്നു.
    *മഹാത്മാഗാന്ധിജി - ഉപന്യാസമത്സരം*
    മഹാത്മാവിന്റെ ജീവിത ദർശനത്തെ കുറിച്ച് ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ പത്തു വേദികളിലായി മത്സരം സംഘടിപ്പിക്കുന്നു.
    യു പി , ഹൈസ്കൂൾ , ഹയർ സെക്കൻ്ററി വിഭാഗങ്ങളിൽ മത്സരം
    കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ
    9988776554 6

## Part C (Answer any 1 question(s). Each carries 14 marks)



15. പരസ്യഭാഷയെന്ന നിലയിൽ മലയാളത്തിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുക. 14

16. ശൈലികളുടെ ഉപയോഗം ആശയവിനിമയത്തിന്റെ സമഗ്രതയെയും സൗന്ദര്യത്തെയും വർദ്ധിപ്പിക്കാൻ ഉതകുന്നതാണോ ? ചർച്ച ചെയ്യുക. 14